## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 918 — 12.06.2013 ലെ മറുപടിക്ക്

**എം.എൻ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി- പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 2009-2010 സാമ്പത്തിക വർഷത്തിൽ ഇ.എം.എസ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി എം.എൻ ലക്ഷം വീടുകൾ ഒറ്റ വീടായി പണിയുന്നതിന് തുക അനുവദിച്ചതിൽ ഇനിയും പൂർത്തിയാകാത്ത വീടുകൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം ലഭ്യമാക്കി വീട് നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | എം.എൻ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പട്ടിക ജാതി വികസന വകുപ്പ് ധനസഹായം ലഭ്യമാക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | എം.എൻ ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (സി) & (ഡി) | ഏറ്റവും കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളും 51% പട്ടികജാതിക്കാർ ഉള്ള എല്ലാ പട്ടികജാതി സങ്കേതങ്ങളിലും എം.എൻ ലക്ഷം വീട് കോളനികളിലും വൈദ്യുതികണക്ഷനും കുടി വെള്ളവും എത്തിക്കുന്നതിന് നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പട്ടികജാതി ക്ഷേമഫണ്ട് വിനിയോഗിച്ച് വരുന്നുണ്ട്. |
| (ഡി) | എസ്.സി/എസ്.ടി ഘടക പദ്ധതി അനുസരിച്ച് എം.എൻ ലക്ഷം വീടു കോളനികളിലേക്ക് കുടി വെള്ളമെത്തിക്കാൻ പദ്ധതി എന്തെങ്കിലുമുണ്ടോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.